നം.കെഎസ്എ.കെടിഎം.പി.2/1839/16 തീയതി: 8.12.16

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2015മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 4അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.സിനി. എം.വി, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	19.11.2016 മുതൽ 26.11.2016 വരെ	
ഓഡിററ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.സജി.പി.ആർ.	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീമതി.ഡാനിമോൾ.കെ ജെ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
	ശ്രീ.ശിവരാജ്.എം	ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡൻറ്	ശ്രീമതി വത്സമ്മ ഗോപിനാഥൻ	01-04-2015 മുതൽ 30-11-2015 വരെ
	ശ്രീമതി.സതി വിജയൻ	01-12-2015 മുതൽ 31-3-2016 വരെ

സെക്രട്ടറി	ശ്രീ എസ് ഷറഫുദ്ദീൻ ശ്രീമതി ഷേർലി ഗോപാൽ ശ്രീ.ഷിബു. കെ. കെ	1-04-2015 മുതൽ 11-8-2015 വരെ 12-8-2015 മുതൽ 15.2.2016 വരെ 16.2-2016 മുതൽ 31.3.2016 വരെ

മറ്റു നിർവഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ	ശ്രീമതി.അശ്വതി വിജയൻ	1-4-15 മുതൽ 31-3-16വരെ.
അസി.എൻജിനീയർ	ശ്രീമതി.സന്ധ്യ ആർ നായർ	1-4-15 മുതൽ 31-3-16 വരെ.
വെറ്ററിനറി സർജൻ	ഡോ.എം ഒ മിഥുൻ	1-4-15 മുതൽ 31-3-16 വരെ
വി.ഇ.ഒ	ശ്രീ.സിജോഷ് ജോർജ്.	1-4-15 മുതൽ 31-3-16 വരെ.
ഐ.സി.ഡി.എസ് സൂപ്പർവൈസർ -	ശ്രീമതി.എം ആർ ബിന്ദു ശ്രീമതി. ഷൈനി ഐസക്ക്	1-4-2015 മുതൽ 18.1-2016 വരെ 19.1.2016 മുതൽ 31-3-2015 വരെ
മെഡി.ഓഫീസർ (ആയുർവേദ)	ഡോ.എച്ച് എൽ റൂബി	1-4-15 മുതൽ 31-3-16 വരെ.
മെഡി.ഓഫീസർ (അലോപ്പതി)	ഡോ.രശ്മി പി ശശി	1-4-15 മുതൽ 31-3-16 വരെ.
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി താരാ ഗോപാൽ	1-4-15 മുതൽ 31-3-16 വരെ.
ഹെഡ്മാസ്റ്റർ	ശ്രീ.ഐസക് ജോർജ്	1-4-15 മുതൽ 31-3-16 വരെ.

ഉള്ളടക്കം

വിഷയം	ഖണ്ഡിക നമ്പർ
ഭാഗം 1-പൊതു അവലോകനം	
ബജറ്റ്	1-1
വാർഷിക ധനകാര്യപത്രിക	1-2
വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
സാമ്പത്തിക വിശകലനം	1-4
ഫണ്ട് വിനിയോഗം	1-5
പദ്ധതി അവലോകനം	1-6
തനത് വരുമാനം	1-7

ക്ഷേമ പദ്ധതികൾ	1-8
ക്യാഷ് വെരിഫിക്കേഷൻ	1-9
ആഭ്യന്തരനിയന്ത്രണം	1-10
മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം	1-11
ഭാഗം 2-വരവുകണക്കുകൾ	
വാർഷികകണക്കുകളുടെ അവലോകനം	2-1
സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	2-2
ഡി & ഒ ട്രേഡ് ലൈസൻസ്-പൊതു അപാകതകൾ	2-3
ലൈബ്രറി സെസ്സ് തുക അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു	2-4
ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
ഗുണഭോക്തൃ പട്ടികയിലില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി	3-1
ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ നാളിതുവരെ ലഭിച്ചില്ല	3-2
തലനാട് ഗവ. എൽ.പി.സ്കൂൾ കെട്ടിടനിർമാണം പൂർത്തിയാക്കിയിട്ടില്ല	3-3
വെള്ളാനി കരിപ്പക്കാട്ടിൽ ഭാഗം പൈപ്പ് ലൈൻ സ്ഥാപിക്കൽ- അപാകതകൾ	3-4
വനിതാതൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്കു ഫർണ്ണിച്ചർ വാങ്ങൽ-അപാകതകൾ	3-5
തെരുവുവിളക്കുകളുടെ കറന്റ് ചാർജ് -വികസനഫണ്ട് ചെലവഴിച്ചു	3-6
പൊതുടാപ്പുകളുടെ എണ്ണം -സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല	3-7
ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം	4-2
മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
വായ്പ/വായ്പ തിരിച്ചടവ്	4-4
സ്ഥിരനിക്ഷേപങ്ങൾ	4-5
ഓഡിറ്റ് റിക്കവറി	4-6
സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
ഓഡിറ്റ് പ്രത്യവലോകനം	4-8
തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9

ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം-1
ബാലൻസ് ഷീറ്റ്	അനുബന്ധം-2
ഇൻകം അന്റ് എക്സ്പെൻഡീച്ചർ	അനുബന്ധം-3
റസീപ്റ്റ് ആന്റ് പെയ്മെന്റ്	അനുബന്ധം-4

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 21.03.15 ലെ 1-ാം.നമ്പർ.. തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ ബജറ്റ് വിശദാംശങ്ങൾ ഭരണസമിതി മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്നില്ല.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.7.2016	7.07.2016	---	----

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2015-16	25.11.2016	ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-1ആയി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3772244.50
വരവ്	15781429
ആകെ	19553673.50
ചെലവ്	19267797
നീക്കിയിരിപ്പ്	285876.50

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ	ആകെ	ചെലവ്	ടി.സി.	നീക്കിയിരിപ്പ്

		വരവ്			തുക	(RP-40b)
വികസനഫണ്ട് പൊതുവിഭാഗം	672153	2796305	3842616	3842616	374158	0
വികസനഫണ്ട് എസ്.സി.പി.	242073	921073	946073	946073	217073	0
വികസനഫണ്ട് ടി.എസ്.പി.	142078	2402157	2544235	2544235	0	0
സംരക്ഷണഗ്രാന്റ് റോഡ്	38760	2235971	2274731	2274731	0	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	121988	2101547	2223535	2223535	0	0
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	133144	1230074	1318849	1318849	44369	0
പെർഫോമൻസ് ഗ്രാന്റ്	1371130	104896	1363310	1363310	112716	0
ബി ഫണ്ട്	0	260644	260644	260644	0	0

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
108	17292870	100	15240551	0	8	

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 490/2015/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം./11.6.2016 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ സ്പിൽഓവർ ഉൾപ്പെടെ 89 പ്രോജക്ടുകളും പട്ടികജാതിവിഭാഗത്തിലെ 4 പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ 15 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 108 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 100 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

നേട്ടങ്ങൾ

ഉൽപ്പാദനമേഖലയിൽ മുട്ടക്കോഴിവിതരണം, തെങ്ങുകൃഷിവികസനം,, ക്ഷീരകർഷകർക്ക് ഇൻസന്റീവ് , പശു വളർത്തൽ , തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി.

സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് പുനരുദ്ധാരണം, ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, പട്ടികജാതിവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീടിന് സ്ഥലം വാങ്ങിനൽകൽ, കുടിവെള്ള ടാങ്ക് സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

പശ്ചാത്തലമേഖലയിൽ വിവിധറോഡുകളുടെ കോൺക്രീറ്റിംഗ്, റീടാറിംഗ്, പി എച്ച് സി മെയിന്റനൻസ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

കോട്ടങ്ങൾ

- തെരുവുവിളക്കുകളുടെ കറന്റ് ചാർജ് ഒടുക്കുന്നതിന് പൊതുവിഭാഗം വികസനഫണ്ട് ചെലവഴിച്ചു.
- മേലടുക്കം വനിതാതൊഴിൽപരിശീലനകേന്ദ്രത്തിലേയ്ക്ക് വാങ്ങിയ ഫർണ്ണിച്ചറുകൾ പാരിഷ് ഹാളിൽ

സൂക്ഷിച്ചിരിക്കുന്നു.

- പട്ടികവർഗ്ഗവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങിനൽകുന്നതിന് പ്രോജക്റ്റ് ആവിഷ്ക്കരിച്ചുവെങ്കിലും നടപ്പാക്കിയില്ല.
- ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങുന്നതിന് തുക ചെലവഴിച്ചുവെങ്കിലും നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.
- തലനാട് ഗവ. എൽ.പി. സ്കൂൾകെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായില്ല.

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.65ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	672354	732095	-59741	(+)8.89
നികുതിയേതര വരവുകൾ	43464	38766	+4698	(-)10.81
മറ്റുവരവുകൾ	-	14009	-14009	
ആകെ	715818	784870	69052	(+)9.65

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	133440	78
കർഷകതൊഴിലാളി പെൻഷൻ	1157760	128
വിധവാപെൻഷൻ	1697600	148
വാർദ്ധക്യകാലപെൻഷൻ	2627580	348
വികലാംഗപെൻഷൻ	918400	78
50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ	133600	13
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	120000	4

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2016ൽ 3.50പി എംന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2749/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഡി.സി.ബി തയ്യാറാക്കുന്നതിൽ അപാകത

വസ്തു നികുതി, സ്ഥാപനങ്ങൾ ട്രെയ്ഡേഴ്സ് തുടങ്ങിയവരുടെ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് തുടങ്ങിയ ഇനങ്ങളുടെ ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ വിശദാംശങ്ങൾ ചേർത്ത് ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. മേൽപറഞ്ഞ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി ആകെത്തുക കണക്കാക്കേണ്ടതാണ്. രജിസ്റ്ററിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടതും ടി പത്രികയിൽ നിന്നും ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഡിമാന്റ് രജിസ്റ്ററുകളിൽ നികുതിദായകന്റെയും അടവാക്കിയ നികുതിയുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	11/2016	10/2016	-
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	8.2005	2004-2005	LBA(HQ)/8A-863/513/8.9.2015

ഭാഗം-2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

- പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
- രസീത് & പേമെന്റ് പത്രികയിലെ ആകെ വരവിലും ചെലവിലും വ്യത്യാസം വന്നിട്ടില്ലെങ്കിലും RP-31 ഷെഡ്യൂളിലെ പൊതുവിഭാഗം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വരവുവിവരങ്ങൾ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല(ഡിമാന്റ് രജിസ്റ്റർ പ്രകാരം).

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	ശ്രീനാരായണ പബ്ലിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തലനാട്
2	സപ്ലൈകോ മാവേലി സ്റ്റോർ, തലനാട്
3	തലനാട് ക്ഷീരോൽപാദക സഹകരണ സംഘം,ക്ലിപ്തം നം.കെ(254) ഡി-ആപ്കോസ്, തലനാട് പി.ഒ

ക്രമ നം.1,2 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ക്രമ നം.3-ൽ സൂചിപ്പിച്ച സഹകരണ സംഘം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. 2015-16 വർഷം ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ ധനസഹായം പ്രൊജക്ടിൽ(നം.S0062/16) ടി സഹകരണ സംഘം വഴി സബ്സിഡി നൽകിയിട്ടുള്ളതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയില്ല.

മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/22.11.2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കിയശേഷം വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 ഡി & ഒ ട്രേഡ് ലൈസൻസ്-പൊതു അപാകതകൾ

2015-16 വർഷം പഞ്ചായത്തിലെ ഡി & ഒ ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ട്രെയ്ഡേഴ്സ് ലിസ്റ്റ്, അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഓഡിറ്റ് വർഷം ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി 31 അപേക്ഷകളാണ് ലഭിച്ചത്. എന്നാൽ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രെയ്ഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെയുള്ള 13 വാർഡുകളിൽ 63 ട്രെയ്ഡേഴ്സ് ഉള്ളതായി കാണുന്നു. ഇതിൽ നിന്നും പഞ്ചായത്തിലെ ആകെയുള്ള ട്രെയ്ഡേഴ്സിൽ പകുതിയിൽ താഴെ എണ്ണം മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.
2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അബ്കാരി ഷാപ്പുകൾ ലൈസൻസ് പരിധിയിൽ ഉൾപ്പട്ടിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3, 1-ാം പട്ടികയിലെ ഇനം 139 പ്രകാരം അബ്കാരി ഷാപ്പുകൾക്ക് ഡി & ഒ ലൈസൻസ് നൽകേണ്ടതാണ്. ഉയർന്ന വിറ്റുവരവുള്ള ടി സ്ഥാപനങ്ങൾ നികുതി/ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് ഫീസിനത്തിലും ടി സ്ഥാപനങ്ങളുടെയും അവിടെ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിക്കുന്നു.
3. ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൻമേലുള്ള പരിശോധന റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. ചില അപേക്ഷകൾ വിറ്റുവരവ് രേഖപ്പെടുത്താതെയാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ലൈസൻസ് ഫീസ് നിശ്ചയിച്ചതിലുള്ള അടിസ്ഥാനം മിക്ക അപേക്ഷകളിലും വ്യക്തമല്ല.

ഡി & ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/23.11.2016) മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അബ്കാരി ഷാപ്പുകളെയും മറ്റു സ്ഥാപനങ്ങളെയും ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ വരുമാന ചോർച്ച തടയേണ്ടതും മേൽ ചട്ടങ്ങളുടെ ലംഘനം ഒഴിവാക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-4 ലൈബ്രറി സെസ്സ് തുക അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

പഞ്ചായത്തിന് ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുക 2 വർഷമായി കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ ബാദ്ധ്യതയുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക (ഷെഡ്യൂൾ ബി-9) പ്രകാരം 31.03.2016-ൽ ഈയിനത്തിൽ 46425/- രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൻവർഷം ലൈബ്രറി സെസ്സ് ഇനത്തിൽ 25391/- രൂപയാണ് പഞ്ചായത്തിന് ലഭിച്ചത് (ആർ.പി-36 ഷെഡ്യൂൾ). ഇതിൽ നിന്നും മുൻവർഷത്തെയുൾപ്പടെയുള്ള ലൈബ്രറി സെസ്സ് തുക ലൈബ്രറി കൗൺസിലിൽ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് വ്യക്തമാകുന്നു. 20.09.2005-ലെ ഗവൺമെന്റ് സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും പിരിക്കുന്ന ലൈബ്രറി സെസ്സ് തുക രണ്ടു ഗഡുക്കളായി (ഏപ്രിൽ 30-ന് മുൻപും നവംബർ 30-ന മുൻപും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി ടി കാലയളവിലെ പിഴപലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗുണഭോക്തൃ പട്ടികയിലില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി

പ്രൊജക്റ്റ്	പട്ടികജാതി വിഭാഗത്തിൽപെട്ട പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ
പ്രൊജക്റ്റ് നം., വർഷം	S0068/16, 2015-16
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ-തലനാട്
അടങ്കൽ	110500/- (വികസന ഫണ്ട്-എസ്.സി.പി)
ചെലവായ തുക	17850/- (3 എണ്ണം സൈക്കിൾ 5950/- രൂപ വീതം) ബിൽ നം.2/19.03.2016

മേൽ പ്രൊജക്റ്റ് 2015-16 വർഷം 10-ാം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തത്. കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്,തലയാഴം, വൈക്കം എന്ന ഡീലറിൽ നിന്നും യൂണിറ്റിന് 5950/- രൂപയ്ക്ക് 3 ഹെർക്കുലീസ് സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നം.043/17.03.2016). എന്നാൽ സൈക്കിൾ വിതരണം ചെയ്ത 3 വിദ്യാർത്ഥികളിൽ അർച്ചന മനോജ്, കൊടിയംകുളത്തിൽ, തലനാട് എന്ന വിദ്യാർത്ഥി 2015-16 വർഷത്തെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ സെന്റ് മേരീസ് എൽ.പി സ്കൂൾ-തീക്കോയി-ൽ പഠിക്കുന്ന ടി വിദ്യാർത്ഥി ഹെഡ്മാസ്റ്ററുടെ 19.03.2015-ലെ സാക്ഷ്യപത്ര പ്രകാരം 2014-15 വർഷം 2-ാം ക്ലാസിൽ പഠിക്കുന്നു (ജനന തീയതി - 30.07.2007) എന്ന് വ്യക്തമാകുന്നു.

ടി പ്രൊജക്ടിനായി പഞ്ചായത്ത് കമ്മിറ്റി 07.07.2015-ലെ 1(6) നം. തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 6 വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

ബാക്കിയുള്ളപ്പോൾ അനർഹയായ മേൽപറഞ്ഞ 2-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല. പ്രൊജക്ട് നടപ്പാക്കിയപ്പോൾ സംഭവിച്ച മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/23.11.2016) മറുപടി ലഭ്യമാക്കിയില്ല. അർഹരായ ഗുണഭോക്താക്കൾ നിലവിലുള്ളപ്പോൾ ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്ത വിദ്യാർത്ഥിനിക്ക് നൽകിയ ആനുകൂല്യത്തിന്റെ മൂല്യമായ 5950/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-2 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ നാളിതുവരെ ലഭിച്ചില്ല

പ്രൊജക്ട്	ഹോമിയോ ഡിസ്പൻസറി(എൻ.ആർ. എച്ച്.എം),തലനാട് -ന് മരുന്ന് വാങ്ങൽ
പ്രൊജക്ട് നം.	S0041/16
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.
അടങ്കൽ	1,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)
ചെലവ് തുക	1,00,000/- രൂപ ഡി.ഡി. നം.905967 തീയതി 30.01.2016 ബിൽ നം.6/21.01.2016

മേൽ പ്രൊജക്ടിൽ ഹോമിയോ ഡിസ്പൻസറി (എൻ.ആർ.എച്ച്.എം) തലനാട്-ന് മരുന്നുകൾ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തത്. ഹോംകോ-ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ്(നം.പിഎഫ്-995/22.12.2015) പ്രകാരം തുക(ഒരു ലക്ഷം രൂപ) അടവാക്കി. എന്നാൽ ടി ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ ഹോമിയോ ഡിസ്പൻസറിയിൽ ലഭ്യമാക്കിയില്ല.

മരുന്നുകൾ ലഭിച്ചശേഷം സ്റ്റോക്കിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റീറ്റെയിൽ ഇൻവോയ്സ്-ന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

3-3 തലനാട് ഗവൺമെന്റ് എൽ.പി.സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രൊജക്ട് നം. 95/16

അടങ്കൽ- 424000 രൂപ (300000- MG(NR) +124000- SSA വിഹിതം)

ചെലവ്- 300000 രൂപ (MG(NR)

തലനാട് ഗവ. എൽ. പി. സ്കൂളിനോട് ചേർന്ന് 5*5 m അളവിലുള്ള RCC കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മിക്കുന്നതിന് 437000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും 424000 രൂപയ്ക്കാണ് സാങ്കേതികാനുമതി ലഭിച്ചിരുന്നത്. SSA ഫണ്ടിൽ നിന്നും 124000 രൂപ വകയിരുത്തിയിരുന്നു എങ്കിലും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്ന SSA വിഹിതം മറ്റു ചെലവുകൾക്കായി വിനിയോഗിച്ചു കഴിഞ്ഞിരുന്നു. ആയിനാൽ കെട്ടിടത്തിന്റെ ലിന്റൽ ലെവൽ വരെയുള്ള പ്രവൃത്തികളാണ് തൻവർഷം ചെയ്തിട്ടുള്ളത്. കൺവീനർക്ക് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക

എം ബുക്ക് പ്രകാരമുള്ള മൂല്യം	286095
പരിമിതപ്പെടുത്തിയത്	283019
വാറ്റ്	14151
നി. തൊ. ക്ഷേമനിധി	2830
ആകെ	300000
(-) വാറ്റ്	14151
(-) നി. തൊ. ക്ഷേമനിധി	2830
ഐ. റ്റി.	5660
കൺവീനർക്ക് നൽകിയ തുക	249057 (ഡി.ഡി. നം 88186/8.4.16)

തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-4 വെള്ളാനി കരിപ്പക്കാട്ടിൽഭാഗം പൈപ്പ് ലൈൻ സ്ഥാപിക്കൽ-അപാകതകൾ

പ്രോജക്ട് നം. 42/16

അടങ്കൽ- 275000 രൂപ

ചെലവ്- 273318 രൂപ (ബിൽ നം. 42/16/16.2.16)

തലനാട് ഗ്രാമ പഞ്ചായത്തിന്റെ ഏഴാം വാർഡിൽ നിലവിലുള്ള വാട്ടർ ടാങ്കിൽ നിന്നും 25mm, 15mm GI പൈപ്പുകൾ സ്ഥാപിച്ച് സമീപ പ്രദേശങ്ങളിൽ ഉള്ളവർക്ക് വെള്ളം എത്തിച്ചു കൊടുക്കുന്നതിനാണ് പ്രോജക്ട്. ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് നം. 42/15-16 പേജ് 2 പ്രകാരം 15 mm GI പൈപ്പ് 585 m സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 5 ൽ 585 m GI പൈപ്പ് സ്ഥാപിച്ചതിന് 237.54/m നിരക്കിൽ 138960.9 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുപ്രകാരം 15 mm GI പൈപ്പ് 561 മീറ്ററാണ് വാങ്ങിയിട്ടുള്ളത്. അതായത് 15 mm GI പൈപ്പ് 24 മീറ്റർ അധികം സ്ഥാപിച്ചതായി രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയതായി കാണുന്നു. 237.54/m നിരക്കിൽ 24 മീറ്ററിന് 5701 രൂപ അധികം കണക്കാക്കിയിട്ടുണ്ട്.

മറ്റ് അപാകതകൾ.

1) TSP ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ച ടി പ്രോജക്ടിന്റെ ഫയലിൽ ഫീസിബിലിറ്റി സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

2) സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 5701 രൂപ കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം ചെലവുവന്ന 5701 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 5701 രൂപ കൺവീനറിൽ നിന്നും ഈടാക്കി വിവരം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-5 വനിതാതൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്കു ഫർണ്ണിച്ചർ വാങ്ങൽ–അപാകതകൾ

പ്രോജക്ട് നമ്പർ-എസ് 80/2016

അടങ്കൽ-52000/-രൂപ (വികസനഫണ്ട്- ടി എസ് പി)

ചെലവ്-50990/-രൂപ (വികസനഫണ്ട്- ടി എസ് പി)

ഡി ഡി നമ്പർ/തീയതി- 905681/2.1.2016

മേലടുക്കം വനിതാതൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്കു ഫർണ്ണിച്ചർ വാങ്ങുന്നതിന് തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം എന്ന സ്ഥാപനത്തിൽ നിന്ന് ഫർണ്ണിച്ചറുകൾ തൻവർഷം വാങ്ങിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം	നിരക്ക്	ആകെ വില
പ്ലാസ്റ്റിക് കസേര	25	550	13750
ഓഫീസ് ടേബിൾ	2	3350	6700
കമ്പ്യൂട്ടർ ടേബിൾ	2	3500	7000
റിവോൾവിംഗ് ചെയർ	2	4600	9200
എസ് ടൈപ്പ് കസേര	6	2390	14340
ആകെ			50990

ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച മേലടുക്കം വനിതാതൊഴിൽ പരിശീലനകേന്ദ്രം ഓഡിറ്റ് ടീം നേരിട്ടുപരിശോധിച്ചതിൽ, ഈ കെട്ടിടത്തിൽ നിലവിൽ അങ്കണവാടി പ്രവർത്തിച്ചുവരുന്നതായി കണ്ടു.വാങ്ങിയ സാധനങ്ങളിൽ പ്ലാസ്റ്റിക് കസേര-25, ഓഫീസ് ടേബിൾ-2 എന്നിവ മാത്രമാണ് അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ളത്. സ്ഥലപരിമിതിമൂലം ബാക്കി സാധനങ്ങൾ തൊട്ടടുത്തുള്ള സി എസ് ഐ പള്ളിയുടെ പാരിഷ് ഹാളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇവിടെ രണ്ടു കമ്പ്യൂട്ടറുകൾ ഉള്ളതായും കണ്ടു. ഇതു സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ആരാഞ്ഞതിന്, വയറിംഗ് നടത്തിയെങ്കിലും കറന്റ് കണക്ഷൻ

ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം സൂക്ഷിച്ചിട്ടുള്ളതെന്നും അങ്കണവാടിയ്ക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും പ്രസിഡന്റ് അറിയിച്ചു.

അങ്കണവാടി പ്രവർത്തിക്കുന്നതും കറന്റ് കണക്ഷൻ ഇല്ലാത്തതുമായ തൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്കു ഇപ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. അങ്കണവാടിയ്ക്ക് അനുയോജ്യമായ കെട്ടിടം ഏർപ്പെടുത്തുന്നതുവരെ ഇവ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്നതിനാൽ ഈ പ്രോജക്ടിനായുള്ള 50990/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അങ്കണവാടിയ്ക്ക് സൗകര്യപ്രദമായ കെട്ടിടം ഏർപ്പെടുത്തുന്നതിനും തൊഴിൽ പരിശീലനകേന്ദ്രത്തിൽ കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിനും വാങ്ങിയ സാധനങ്ങൾ ഉപയോഗപ്രദമാക്കുന്നതിനും തൊഴിൽ പരിശീലനം

സജീവമായി നടത്തുന്നതിനും ഭരണസമിതി അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-6 തെരുവുവിളക്കുകളുടെ കറന്റ് ചാർജ് -വികസനഫണ്ട് ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ കറന്റ് ചാർജ് ഒടുക്കുന്നതിന് പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 101402/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾക്കായി വികസനഫണ്ട് ചെലവഴിക്കുന്നത് സർക്കാർ മാർഗനിർദ്ദേശങ്ങൾക്കുവിരുദ്ധമാണ്. സർക്കാരിന്റെ അനുമതിയില്ലാതെ ചെലവുചെയ്ത 101402 രൂപ വികസനഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിനും നികുതിപിരിവുകൾ ഊർജ്ജിതമാക്കി ആവർത്തനചെലവുകൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3-7 പൊതുടാപ്പുകളുടെ എണ്ണം - സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 71പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കുടിശ്ശികയുൾപ്പെടെ ആകെ 365988/-രൂപ മെയിന്റനൻസ് ഗ്രാന്റ്- റോഡിതരവിഭാഗത്തിൽനിന്ന് പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ബില്ലിൽ രേഖപ്പെടുത്തിയ പൊതുടാപ്പുകളുടെ എണ്ണം തെറ്റാണെന്നതിനാൽ സംയുക്തപരിശോധന നടത്തുന്നതിന് നിരവധി തവണ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ നടത്തിയിട്ടില്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറിയും പ്രസിഡന്റും അറിയിച്ചു. സംയുക്തപരിശോധന നടത്താത്തതിനാൽ നിലവിൽ വെള്ളക്കരം ഒടുക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ പിഴപ്പലിശ വർദ്ധിപ്പിക്കുന്നതിന് കാരണമാകും. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ ഇത്തരം നടപടികൾ സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്ത്	2015-2016	50000	സാന്ത്വനപരിചരണ പദ്ധതി	50000	-
ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്ത്	2014-2015	116700	സാന്ത്വനപരിചരണ പദ്ധതി	35834	-

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	പായിപ്പാട് ഭാഗം	ഡി.ഡി.നം. 906746/	84793	-	84793

	കുഴൽകിണർ നിർമ്മാണം	19.3.2016			

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ മുൻവർഷങ്ങളിലും കുഴൽകിണർ നിർമ്മാണത്തിനായി തുക ഒടുക്കിയിരുന്നവെങ്കിലും ഇവ നിർമ്മിച്ചിട്ടില്ലായെന്ന് അധികൃതർ അറിയിച്ചു. ആയതിനാൽ ഈ വിഷയത്തിന്മേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന് വായ്പയിനത്തിൽ 37500 രൂപ വരവുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ഭവനനിർമാണപദ്ധതി	ജി.ഒ.(ആർ.ടി.) 1078/2010 /തസ്വഭവ /26.3.10	8281500	629130	576230	-	90400

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	7, 19	2003-04 പേജ് 63		1) ശമ്പളപരിഷ്കരണക്കുടിശിക (ഒരേ കാലയളവിലേക്ക്) രണ്ടു തവണ പിൻവലിച്ചു. 2) എൻജിനിയറിങ് ഫീസ് അധികം നൽകി	

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	19553673.50
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	19267797
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	11651
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	50990

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		5950	ശ്രീ. ഐസക്ക് ജോർജ്, ഹെഡ്മാസ്റ്റർ
3-4		5701	ശ്രീമതി സന്ധ്യ ആർ. നായർ, അസിസ്റ്റന്റ് എൻജിനിയർ
		11651	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-5	50990	ശ്രീമതി ഷേർളി ഗോപാൽ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഐസക്ക് ജോർജ്, ഹെഡ്മാസ്റ്റർ	ഹെഡ്മാസ്റ്റർ, തലനാട് എൽ.പി.സ്കൂൾ	പുത്തൻവീട്ടിൽ, പള്ളിക്കവല , മുട്ടം, എരുളുംപുറം പി.ഒ., ഇടുക്കി ജില്ല
സന്ധ്യ ആർ നായർ, അസിസ്റ്റന്റ് എൻജിനിയർ	അസിസ്റ്റന്റ് എൻജിനിയർ, അതിയന്നൂർ ഗ്രാമപഞ്ചായത്ത്, കമുകിൻകോട്, കൊടങ്ങാവിള പി.ഒ.	കമാൽ, ടി.സി. 17/1090 ചെറുകര റോഡ്, പൂജപ്പുര പി.ഒ., തിരുവനന്തപുരം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കെ.പി2/228/16/30.3.2016	10
1998-99(ചെലവ്)	കെ.എസ്.എ. കെ.റ്റി.എം.പി.2-229/16/30.3.16	-
1998-99(വരവ്)	എൽ.എഫ്.കെ.പി3/1533/07/14.7.08	8
1999-00(ചെലവ്)	എൽ.എഫ്.കെ.പി2- 314/16/31.3.2016	-
2000-01, 2001-02 (പ്ലാൻ)	എൽ.എഫ്.കെ.പി2-278/അദാ.14(5)/26.11.2014	-
2000-01(വരവ്)	എൽ.എഫ്.കെ.പി2-278/അദാ.14(4)/26.11.2014	2
2002-03(ചെലവ്)	എൽ.എഫ്.കെ.പി2- 232/16/1.4.2016	2
2002-03(വരവ്)	എൽ.എഫ്.കെ.പി2- 1300/11/26.3.12	4
2003-04	എൽ.എഫ്.കെ.പി2- 439/15(2)/2.9.15	10
2004-05	എൽ.എഫ്.കെ.പി2- 439/15(3)/2.9.15	9
2005-06	എൽ.എഫ്.കെ.പി2- 439/15(4)/2.9.15	6
2006-07	എൽ.എഫ്.കെ.പി2- 439/15(5)/2.9.15	8
2007-08	എൽ.എഫ്.കെ.പി2- 439/15(6)/2.9.15	8
2008-09	എൽ.എഫ്.കെ.പി2-1306/11/27.3.2012	-
09-10, 10-11,11-12	എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015	10
2012-13, 2013-14	എൽ.എഫ്.കെ.പി2- 1262/15/7.10.15	6
2014-15	കെ.എസ്.എ. കെ.റ്റി.എം.പി.2-1125/16/3.8.2016	16

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി.2/1839/16 തീയതി: 8.12.16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായിഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം